ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.01.2026**

## പ്രധാനവാർത്തകൾ

1) സ്വാതന്ത്ര്യത്തിന്റെ മന്ത്രം-വന്ദേമാതരം' 'സമൃദ്ധിയുടെ മന്ത്രം-ആത്മനിർഭർ ഭാരത്' എന്ന പ്രമേയവുമായി രാജ്യം റിപ്പബ്ലിക് ദിനമാഘോഷിച്ചു; കർത്തവ്യ പഥിൽ നടന്ന പരേഡ് ജനാധിപത്യത്തിന്റെ ശക്തിയും സമ്പന്നമായ പൈതൃകവും വിളിച്ചോതുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) വിദ്യാഭ്യാസ, സാമൂഹിക പുരോഗതിയിൽ കേരളം മുന്നിലെന്നും ഡിജിറ്റലൈസേഷൻ ഉൾപ്പെടയുള്ള മേഖലകളിൽ മാതൃകയെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

3) കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനരാരംഭിക്കും; ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയം ചർച്ച ചെയ്യും.

4) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങളുടെ വിതരണം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

5) സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാമെന്ന് തിരെഞ്ഞെടുപ്പ് കമ്മീഷൻ.

RNUTVPM

6) വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് -റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി- റിപ്പബ്ലിക് ദിനം

അഭിമാനത്തോടെയും ആവേശപൂർവ്വവും രാജ്യം റിപ്പബ്ലിക് ദിനം ആഘോഷിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. കർത്തവ്യ പഥിൽ നടന്ന ഗംഭീരമായ പരേഡ് ജനാധിപത്യത്തിന്റെ ശക്തി, പൈതൃകത്തിന്റെ സമ്പന്നത, ഐക്യം എന്നിവ വിളിച്ചോതിയാതായി അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. റിപ്പബ്ലിക് ദിനാഘോഷ വേളയിൽ അതിഥികളായി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റും ഇന്ത്യയിലെത്തിയത് ഇരു പക്ഷവും തമ്മിൽ വർധിച്ചു വരുന്ന പങ്കാളിത്തത്തിന്റെ സൂചനയാണെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## യൂറോപ്യൻ യൂണിയൻ

യൂറോപ്യൻ യൂണിയൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൻ ഡെയർ ലെയൻ, യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റ എന്നിവർ നാളെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തും. ഇന്ത്യ - യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് അന്തിമധാരണ ചർച്ചയിലുണ്ടാകുമെന്നാണ് സൂചന.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## 77-ാമത് റിപ്പബ്ലിക് ദിനം

77-ാമത് റിപ്പബ്ലിക് ദിനാഘോഷ നിറവിൽ രാജ്യം. രാവിലെ ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ നടന്ന ചടങ്ങുകൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു നേതൃത്വം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ യുദ്ധ സ്മാരകം സന്ദർശിച്ച് വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചതോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. 30 ടാബ്ലോകൾ പരേഡിൽ

പ്രദർശിപ്പിച്ചു. 'സ്വാതന്ത്ര്യത്തിന്റെ മന്ത്രം: വന്ദേമാതരം' 'സമൃദ്ധിയുടെ മന്ത്രം: ആത്മനിർഭർ ഭാരത്' എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം. ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സൈന്യം ഉപയോഗിച്ച പ്രധാന ആയുധ സംവിധാനങ്ങൾ പ്രദർശിപ്പിച്ചു. 29 വ്യോമസേന വിമാനങ്ങളുടെ ഫ്ലൈപാസ്റ്റോടെയാണ് പരിപാടി സമാപിച്ചത്. 2,500 കലാകാരന്മാരുടെ സാംസ്കാരിക പ്രകടനങ്ങൾ ചടങ്ങിനെ വർണ്ണാഭമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## റിപ്പബ്ലിക് ദിന-കേരളം

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക പരിഷ്കരണം തുടങ്ങി വിവിധ മേഖലകളിൽ കേരളം രാജ്യത്ത് മുൻനിരയിലാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള നിരവധി മേഖലകളിൽ കേരളം രാജ്യത്തിന് നേതൃത്വം നൽകുന്നതായും അദ്ദേഹം പറഞ്ഞു. ശക്തമായ സാംസ്കാരിക അടിത്തറ പാകിയ മുൻതലമുറ നേതാക്കളോടും പരിഷ്കർത്താക്കളോടും സംസ്ഥാനം കടപ്പെട്ടിരിക്കുന്നതായും തിരുവനന്തപുരത്ത് റിപ്പബ്ലിക് ദിനാഘോഷ പരിപാടിയെ അഭിസംബോധന ചെയ്യവേ അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും പഴക്കംചെന്ന ജനാധിപത്യ രാജ്യമെന്നും 'ജനാധിപത്യത്തിന്റെ മാതാവ്' എന്നും ഇന്ത്യയെ വിശേഷിപ്പിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവരും എം എൽ എ മാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## റിപ്പബ്ലിക് - ജില്ല

ഭരണഘടനയിൽ ഉറച്ച വിശ്വാസത്തോടെ മുന്നോട്ട് പോകുന്നതിലൂടെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് മന്ത്രി കെ.ബി. ഗണേഷ്കുമാർ കൊല്ലത്ത് റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം പറഞ്ഞു. ഭരണഘടന ഇന്ത്യൻ ജനതയുടെ അതിജീവനത്തിന്റെയും തുല്യനീതിയുടെയും പ്രകടനമാണെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ കാസർഗോഡ് റിപ്പബ്ലിക് ദിനാഘോഷത്തിൽ വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖ വികസനവും അതിദാരിദ്ര്യ നിർമ്മാർജ്ജനവും സാദ്ധ്യമാക്കിയതായി ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ബഹുമുഖ

വൈവിധ്യങ്ങൾ ഉണ്ടായിട്ടും രാജ്യത്തെ അചഞ്ചലമായി നിലനിർത്തുന്നത് നമ്മുടെ രാഷ്ട്രബോധമാണെന്നും അത് കാത്തുസൂക്ഷിക്കണമെന്നും കണ്ണൂരിൽ നടന്ന പരിപാടിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## റിപ്പബ്ലിക്ക് - ലക്ഷദ്വീപ്

ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ്.ബി. ദീപക് കുമാർ ദേശീയ പതാക നിവർത്തി പരേഡിനെ അഭിവാദ്യം ചെയ്തു. വിദ്യാഭ്യാസം, ആരോഗ്യം, വിവര സാങ്കേതികം, വിനോദസഞ്ചാരം, ഗതാഗതം, മത്സ്യബന്ധനം, കാർഷികം തുടങ്ങിയ മേഖലകളിൽ സുപ്രധാന വികസന പദ്ധതികൾക്ക് അഡ്മിനിസ്ട്രേഷൻ തുടക്കം കുറിച്ചതായി അദ്ദേഹം വ്യക്തമാക്കി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മമ്മൂട്ടി

റിപ്പബ്ലിക് ദിന ആശംസകൾ നേർന്ന് മമ്മൂട്ടി. 'മാതൃരാജ്യത്തിനു നന്ദി. 'പത്മഭൂഷൺ' സിവിലിയൻ ബഹുമതി നൽകി ആദരിച്ച രാജ്യത്തിനും ജനങ്ങൾക്കും സർക്കാരിനും എന്റെ ഹൃദയം നിറഞ്ഞ നന്ദി എന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ജസ്റ്റിസ് കെ.ടി തോമസ് ( ഇൻട്രോ )

പത്മ വിഭൂഷൻ പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് കേരളത്തിൽ നിന്ന് പുരസ്ക്കാരത്തിന് അർഹനായ ജസ്റ്റിസ് കെ.ടി തോമസ് പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വിമലാ മേനോൻ ( ഇൻട്രോ )

പദ്മ ശ്രീ പുരസ്ക്കാരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ടെന്ന് കലാമണ്ഡലം വിമലാ മേനോൻ .1964 മുതൽ നടത്തിവരുന്ന നൃത്ത സപര്യക്ക് ലഭിച്ച ഈ അംഗീകാരം കലാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും സമർപ്പിക്കുന്നതായും ശ്രീമതി വിമലാ മേനോൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( ഹോൾഡ് വോയിസ് )

❁❁❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനരാരംഭിക്കും. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച നാളെ നടക്കും. നന്ദിപ്രമേയം വ്യാഴാഴ്ച ടി പി രാമകൃഷ്ണൻ, MLA അവതരിപ്പിച്ചിരുന്നു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വൈജ്ഞാനിക പുരസ്കാരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. വൈകിട്ട് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മന്ത്രി സജി ചെറിയാൻ അദ്ധ്യക്ഷനാകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടർ പട്ടികാ പരിഷ്ക്കരണം

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം.

## ഇരവികുളം ദേശീയോദ്യാനം (ഇൻട്രോ)

വരയാടുകളുടെ പ്രജനനകാലം കണക്കിലെടുത്ത് ഇരവികുളം ദേശീയോദ്യാനം ഫെബ്രുവരി ഒന്നു മുതൽ അടച്ചിടും. സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഏപ്രിൽ ഒന്നുവരെ തുടരുമെന്ന് വനംവകുപ്പ് അറിയിച്ചു. രാജമല, മേസ്തിരികെട്ട് ഉൾപ്പെടെയുള്ള മേഖലകളിൽ പുതിയ വരയാടിൻ കുഞ്ഞുങ്ങൾ ജനിച്ച പശ്ചാത്തലത്തിലാണ് ഈ നടപടി.

വിശദാംശങ്ങളുമായി ആകാശവാണി

ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

(വോയ്സ്)

## വനിത പ്രീമിയർ ലീഗ്

വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് -റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിനെ നേരിടും. രാത്രി 7.30 ന് വഡോദരയിലാണ് മത്സരം.

## വി. കുഞ്ഞികൃഷ്ണൻ

പയ്യന്നൂർ മുൻ ഏരിയാ സെക്രട്ടറിയും ജില്ലാ കമ്മിറ്റി അംഗവുമായ വി കുഞ്ഞികൃഷ്ണനെ സിപിഐഎം പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കിയതായി ജില്ലാ സെക്രട്ടറി കെ കെ രാഗേഷ് കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കുഞ്ഞികൃഷ്ണൻ നടത്തിയത് കടുത്ത അച്ചടക്കലംഘനമാണെന്നും പാർട്ടിക്ക് അവമതിപ്പുണ്ടാക്കിയെന്നും ആദ്ദേഹം പറഞ്ഞു. എന്നാൽ രക്തസാക്ഷിഫണ്ടിലും കെട്ടിടനിർമ്മാണ ഫണ്ടിലും അഴിമതി നടന്നതായി ശ്രീ കുഞ്ഞികൃഷ്ണൻ ആവർത്തിച്ചു.

RNU TVPM

## മത്സ്യത്തൊഴിലാളി ആനുകൂല്യവിതരണം: ഉദ്ഘാടനം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിരമിക്കൽ ആനുകൂല്യ വിതരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ വൈകിട്ട് തിരുവനന്തപുരം വെട്ടുകാട് കമ്മ്യൂണിറ്റി ഹാളിൽ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും, ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## മലയിൻകീഴ് ആശുപത്രി

തിരുവനന്തപുരം മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പുതിയ 6 നില ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം നാളെ മന്ത്രി വീണാ ജോർജ് നിർവഹിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഉൾപ്പെടെ ആധുനിക രീതിയിൽ സജ്ജീകരിച്ച മന്ദിരം മലയോര മേഖലയിലെ ജനങ്ങൾക്ക് അഭയ കേന്ദ്രമായിത്തീരുമെന്ന് മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

RNUTVPM